I/114919/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ശ്രീമതി.പ്രിയങ്ക.ജി, ഐ.എ.എസ്)**

വിഷയം:- വനിത ശിശു വികസന വകുപ്പ് പോഷൻ അഭിയാൻ-**പോഷൻ മാ 2023** ആചരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1. Poshan Abhiyan 2.0 guidelines
2. GO Rt NO 260/2023 WCDD dtd 10/5/2023
3. GO Rt NO 334/2023 WCDD dtd 12/6/2023
4. D.O No.PA/340/2023 dated 29.08.2023

**ഉത്തരവ് നം. DWCD/3866/2022-SA1 തീയതി: 09-09-2023**

പരാമർശം (2) പ്രകാരം സർക്കാരിൽ നിന്നും പോഷൻ അഭിയാൻ 2.0 പദ്ധതിക്കാവശ്യമായ 33,64,96,667/- രൂപ SNA അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട് .പരാമർശം 3 പ്രകാരം സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്

പോഷന് അഭിയാൻ പദ്ധതി രാജ്യത്തിലെ ആറ് വയസ്സിന് താഴെയുള്ള കുട്ടികൾ കൗമാരക്കാരായ പെൺകുട്ടികൾ , പാലൂട്ടുന്ന അമ്മമാർ ഗർഭിണികൾ എന്നിവരുടെ ഇടയിൽ പോഷണ നിലവാരം ഉയർത്തുക എന്ന ലക്ഷ്യം ഉദ്ദേശിച്ചിട്ടാണ് ആരംഭിച്ചിരിക്കുന്നത്. ആരോഗ്യമുള്ള വ്യക്തികളിലൂടെയാണ് ആരോഗ്യമുള്ള ഒരു സമൂഹം സാധ്യമാകുന്നത് . Mission Saksham Anganwadi and Poshan 2.0 –ന്റെ ന്യൂട്രീഷൻ പ്രോഗ്രാമുകളായ Anganwadi Services, Scheme for Adolescent Girls and Poshan Abhiyan എന്നീ പദ്ധതികൾ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

രാജ്യത്ത് 1982 വർഷം മുതൽ സെപ്റ്റംബർ 1 മുതൽ 7 വരെ പോഷണവാരമായി ആചരിച്ചു പോരുന്നു. 2018 മുതൽ പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 1 മുതൽ സെപ്റ്റംബർ 30 വരെ പോഷൻ മാ ആചരിച്ചു വരികയാണ്. സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പോഷൻ മാ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പോഷകാഹാരകുറവുകളെ കുറിച്ച് ജനങ്ങളെ അവബോധരാക്കുക എന്നത് മിഷൻ പോഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് . ഇതിനായി മനുഷ്യന്റെ ജീവിത ചക്രത്തിലെ ഗർഭം, ശൈശവം, കൗമാരം എന്നീ ഘട്ടങ്ങളിൽ മനുഷ്യന് അത്യാന്താപേക്ഷിതമായ പോഷകാഹാരങ്ങളെക്കുറിച്ചുള്ള ബോധവത്കരണം രാജ്യമൊട്ടാകെ നടത്തേണ്ടതുണ്ട്. **"സുപോഷിത് ഭാരത്, സാക്ഷർ ഭാരത്, സാക്ഷിത് ഭാരത്" എന്നതാണ് 2023-ലെ പോഷൻ മായുടെ പ്രമേയം.** ഈ വർഷത്തെ പോഷൻമായുടെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന വിഷയങ്ങളെ അടിസ്ഥാന മാക്കിയാണ് നടത്തേണ്ടത്.

1.Exclusive Breastfeeding and Complementary Feeding.
2. Swath Balak Spardha (SBS)
3.Poshan Bhi Padhai Bhi (PBPB)
4. Improving Nutrition thorough Mission Life
5.Meri Mati Mera Desh (MMMD)
6.Tribal Focused Nutrition sensitisation
7.Test, Treat, Talk Anaemia

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33115 അംഗൻവാടികൾ വഴി ഗുണമേന്മമയുള്ള പോഷണത്തെക്കുറിച്ച് അവബോധം കൊണ്ടുവരാനും, പോഷണ നിലവാരം ഉള്ള ഭക്ഷണം കഴിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കാനും ലക്ഷ്യമിട്ടാണ് **പോഷൻ മാ** നടപ്പിലാക്കി വരുന്നത്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പോഷൻ മാ കലണ്ടർ (ഈ നടപടിക്രമത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്) പ്രകാരവും കൂടാതെ ടി നടപടി ക്രമം അനുശാസിക്കുന്ന പ്രകാരവും പോഷൻ മാ പരിപാടികൾ **ജില്ലാ പോഷണ കമ്മിറ്റിയുടെ** നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ സി.ഡി.പി.ഒ മാർക്കും ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കുംനിർദ്ദേശം നൽകേണ്ടതും പ്രോഗ്രാം ഷെഡ്യൂൾ തയ്യാറാക്കേണ്ടതുമാണ്.

പ്രോഗ്രാം ഓഫീസമാർ ഈ പ്രോഗ്രാം ഷെഡ്യൂൾ ഡിസ്ട്രിക്ട് ന്യൂട്രീഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതും ഡിസ്ട്രിക്ട് ന്യൂട്രിഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ **പോഷൻ മാ** പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്. ഇതര വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാതല മേധാവികൾക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

ഈ വർഷത്തെ **പോഷൻ മാ** പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന പരിപാടികൾകൂടി ഉൾപ്പെടുത്തി നടത്തേണ്ടതാണ്.

1.

a. സെപതംബറിൽ നടത്തുന്ന **പോഷൻ മാ** പരിപാടിയിൽ പോഷൻ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. സെപ്റ്റംബർ 11 മുതൽ 30 വരെ സംഘടിപ്പിക്കുന്ന എല്ലാ പോഷൻ മാ പരിപാടികളിൽ **"മേരി മാട്ടി മേരാ ദേശ്"** എന്ന ആശയം ആസ്പദമാക്കി പരിപാടിയിൽ പങ്കെടുക്കുന്നവരെ കൊണ്ട് പോഷൻ പ്രതിജ്ഞ എടുക്കേണ്ടതാണ്. ഇവ ജൻ അന്തോളൻ ഡാഷ് ബോർഡിൽ അതാത് ദിവസം തന്നെ അപ് ലോഡ് ചെയ്യേണ്ടതാണ്.

**<u>പ്രതിജ്ഞ</u>**

**"സമീകൃത ആഹാരം ഭാവിയിലേക്കുള്ള ഊർജം ആയതിനാൽ ഞാനും എൻറെ കുടുംബവും സമീകൃത ആഹാരം കഴിക്കാൻ പ്രയത്നിക്കും ഇതിലൂടെ ആരോഗ്യമുള്ള പൗരൻ ആകാൻ ശ്രമിക്കുകയും രാജ്യത്തിൻറെ വികസനത്തിന് വേണ്ടി പ്രയത്നിക്കുകയും ചെയ്യും"**

b. അങ്കണവാടികളിലെ എല്ലാ 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള എല്ലാ കുട്ടികളുടെ വളർച്ച നിരീക്ഷണം നടത്തേണ്ടതാണ്. ഏരിയയിലുള്ള നിലവിലെ കുട്ടികളുടെ വളർച്ച നിരീക്ഷണത്തെക്കുറിച്ച് റിപ്പോർട്ട് അംഗൻവാടി പ്രവർത്തക അംഗൻവാടിതല കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പോഷണനിലവാരം എങ്ങനെ വർദ്ധിപ്പിക്കാം എന്ന് മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.

c. Test, Treat, Talk Anaemia (VIVA Campaign-**വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക്)** എന്ന ആശയം ആസ്പദമാക്കി അനീമിയ ക്യാമ്പുകൾ ആരോഗ്യ/AYUSH വകുപ്പുകളുടെ സഹകരണത്തോടെ എല്ലാ ICDS പ്രോജകളിലെ പ്രദേശത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ സംഘടിപ്പിക്കേണ്ടതും. വിളർച്ചയുടെ തോത് രേഖപ്പെടുത്തി ആവശ്യമായ ആരോഗ്യ സംബന്ധമായ ഇടപെടൽ നൽകേണ്ടതുമാണ്. തുടർന്ന് വിളർച്ച രോഗം ഉള്ള കുട്ടികളുടെ **ഫോളോഅപ്പ്** ചെയ്യേണ്ടതാണ്.

d. ഈ പ്രക്രിയ ICDS പ്രോജകളിലെ എല്ലാ SC/ST പ്രീമെട്രിക്ക് ഹോസ്റ്റൽ , മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലും സംഘടിപ്പിക്കേണ്ടതാണ്.
ഇതിനോടൊപ്പം ടി സ്ഥലങ്ങളിൽ ന്യൂട്രീഷൻ എക്സിബിഷൻ എല്ലാ എൽ എസ് ജി ഡി യുടെ സഹകരണത്തോടെ സംഘടിപ്പിക്കേണ്ടതും ഈ ന്യൂട്രിഷൻ എക്സിബിഷൻ നടത്തുമ്പോൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഹെൽത്ത് ക്യാമ്പ് സംഘടിപ്പിക്കാൻ നടപടി

സ്വീകരിക്കേണ്ടതുമാണ്.

e. ഐ.സി.ഡി.എസ് പ്രോജക്ടിന്റെ കീഴിലുള്ള മറ്റ് എൽ. എസ്. ജി. ഡി കളിൽ ന്യൂട്രിഷൻ എക്സിബിഷൻ സംഘടിപ്പിക്കുമ്പോൾ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നേതൃത്വത്തിൽ ആയിരിക്കണം ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകേണ്ടത്. കൗമാരക്കാരായ കുട്ടികളുടെ പോഷണ സ്റ്റാറ്റസ് വിലയിരുത്തി അവർക്ക് വേണ്ട നിർദ്ദേശങ്ങളും മറ്റു സഹായങ്ങളും നൽകാൻ സൂപ്പർവൈസർമാരും അംഗൻവാടി പ്രവർത്തകരും ആരോഗ്യ /AYUSH വകുപ്പുകളുടെ സേവനം വിനിയോഗിക്കേണ്ടതാണ്.

f. ജില്ലാതലത്തിൽ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച ഡിസ്ട്രിക്ട് ന്യൂട്രീഷൻ കമ്മിറ്റി മുഖേന ചർച്ച നടത്തി ജില്ലാ തല ഒരു പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കേണ്ടതാണ്. കൂടാതെ പോഷൻ മാ സമാപന പരിപാടിയുടെ ഭാഗമായി ജില്ലാ തലത്തിൽ പരിപാടി/പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ജില്ല, ബ്ലോക്ക്, മുനിസിപാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്ത്, അങ്കണവാടി തലത്തിൽ നടത്തുന്ന എല്ലാ പരിപാടികളും ജൻ അന്തോളൻ ഡാഷ് ബോർഡിൽ രേഖപ്പെടുത്തേണ്ടതാണ്.

g . **പോഷൻ മാ പരിപാടിയുടെ** ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് 50000/- രൂപ വരെയും വിനിയോഗിക്കാവുന്നതാണ്. പരമാവധി **പോഷൻ മാ** കൺവെർജൻസ് പ്ലാറ്റ്ഫോമിൽ വരുന്ന എല്ലാ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരുടെയും മെഡിക്കൽ ഓഫീസറുടെയും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുമാണ്. പരിപാടികൾ സംഘടിപ്പിക്കുമ്പോൾ അച്ചടി, ദൃശ്യ ശ്രാവ്യ, സമൂഹമാധ്യമങ്ങൾ വഴി വിപുലമായ പ്രചാരണം നടത്തേണ്ടതുമാണ്.

2. അംഗൻവാടിതലത്തിൽ എ ജി ക്ലബ്ബിലെ അംഗങ്ങൾക്കു കൗമാരപ്രായക്കാരായ അംഗങ്ങളുടെ ഇടയിലും പ്രദേശത്തെ കൗമാരപ്രായക്കാരായ ആൺകുട്ടികൾകും പെൺകുട്ടികൾക്കും ന്യൂട്രിഷൻ കുക്കിംഗ് കോമ്പറ്റീഷൻ നടത്തേണ്ടതാണ്. പരിപാടി സംഘടിപ്പിക്കുന്നതിന് സ്പോൺസറെ കണ്ടെത്തേണ്ടതും ന്യൂട്രീഷൻ കോമ്പറ്റീഷൻ ജേതാക്കൾക്ക് സമ്മാനം നൽകുന്നതിന് സ്പോൺസർഷിപ്പ് വഴി ആയിരിക്കണം. സിഡിപിഒ / ഐസിഡി എസ് സൂപ്പർവൈസർ അംഗൻവാടി പ്രവർത്തകർക്ക് ഈ പരിപാടി എങ്ങനെ സംഘടിപ്പിക്കാം എന്നതിനെ കുറിച്ച് കൃത്യമായ നിർദ്ദേശം നൽകേണ്ടതും പരിപാടി എല്ലാ അംഗൻവാടികളിലും നടത്തിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. പരിപാടികൾ അങ്കണവാടി തലത്തിൽ സംഘടിപ്പിക്കുമ്പോൾ കേരളത്തിലെ തനത് ഭക്ഷണത്തിന്റെ സവിശേഷതകളും ഗുണങ്ങളും പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിലുള്ള ബോധവൽക്കരണ പരിപാടികൾ കൂടി സജ്ജീകരിക്കേണ്ടതാണ്.
4. സെപ്റ്റംബർ 15 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ ജില്ലാതലത്തിൽ ഓൺലൈൻ വഴി പോസ്റ്റർ ക്യാമ്പയിൻ നടത്തേണ്ടതാണ്. എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർ/ ഡി സി/ബിസി മാരും ന്യൂട്രിഷൻ അനുബന്ധിച്ച സന്ദേശങ്ങൾ ഓൺലൈൻ മീഡിയ മുഖേനെ അതായത് വാട്സപ്പ്, ഫേസ്ബുക്ക്, യൂട്യൂബ് എന്നിവ വഴി പരമാവധി ജനങ്ങളിലേയ്ക്ക് എത്തത്തക്ക രീതിയിൽ പ്രചാരണം നൽകേണ്ടതാണ് . ഓരോ ജില്ലയിലെയും ജില്ലാ കലക്ടറുടെ ഫേസ്ബുക്ക് പേജ് വഴിയും മറ്റു സോഷ്യൽ മീഡിയ ഇൻഫ്ലുവൻസസ് വഴിയും പോഷണത്തെക്കുറിച്ച് പോഷൻ മാ സന്ദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതാണ്.
5. സെപ്റ്റംബർ 01 മുതൽ 30 വരെയുള്ള തീയതികളിൽ കേന്ദ്ര സർക്കാരിന്റെ പോഷൻ മാ കലണ്ടർ

പ്രകാരമുള്ള പരിപാടികൾ എല്ലാ അങ്കണവാടി/ബ്ലോക്ക്/ജില്ല തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

അങ്കണവാടി പ്രവർത്തകരുടെ ബ്ലോക്ക് മീറ്റിങ്ങുകൾ സംഘടിപ്പിക്കേണ്ടതും അംഗൻവാടി പ്രവർത്തകർക്ക് ന്യൂട്രി ഗാർഡൻ തയ്യാറാക്കുന്നതിന് വിത്ത്, തൈകൾ ശേഖരിക്കുന്നതിനും ന്യൂട്രി ഗാർഡൻ പരിപാലിക്കുന്ന വിദ്യകൾ അറിവ് എന്നിവ അഗ്രിക്കൾച്ചർ, ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെൻറ് അധികൃതരുടെ സഹായത്തോടെ ഇവർക്ക് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം ന്യൂട്രി ഗാർഡൻ തയ്യാറാക്കാൻ എൽ.എസ്.ജി.ഡിയുടെ സഹായം അഭ്യർത്ഥിക്കേണ്ടതാണ്. ഇതോടൊപ്പം സൗകര്യമുള്ള സ്ഥലങ്ങളിൽ പൗൾട്രി/ഫിഷറിസ് യൂണിറ്റ് സജ്ജീകരിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കേണ്ടതാണ്. സി.ഡി.പി.ഒ മാർ അഗ്രിക്കൾച്ചർ, ആനിമൽ ഹസ്ബന്ററി, സോഷ്യൽ ഫോറസ്റ്ററി, എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, SC/ST ഡിപ്പാട്ട്മെന്റ്, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളുമായി സംയോജിച്ച് പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

6. ഇതിനെ തുടർന്ന് അന്താരാഷ്ട്ര 2023-ലെ പ്രകൃതി ആരോഗ്യ ദിനമായ സെപ്റ്റംബർ 24 –നെ ആസ്പദമാക്കി സെപ്തംബർ 23 ൽ സംസ്ഥാനത്തിലെ എല്ലാ അങ്കണവാടിതലത്തിലും വീടുകളിലും വഴിയോരങ്ങളിലും തരിശുഭൂമി, മറ്റ പൊതുയിടങ്ങളിലും പച്ചക്കറി കൃഷികൾ/ഫല വൃക്ഷങ്ങൾ എന്നിവ നടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സെപ്റ്റംബർ 23 -ാം തീയതി നടത്തുന്ന ഈ പ്ലാന്റേഷൻ ഡ്രൈവിന് ചുക്കാൻ പിടിക്കുന്നത് അംഗൻവാടി തല മോണിറ്ററിംഗ് സമിതിയും കൗമാരക്കാരായ പെൺകുട്ടികൾ, ആൺകുട്ടികൾ, യൂത്ത് ലൈബ്രറി കൗൺസിൽ അംഗങ്ങൾ എന്നിവരായിരിക്കും. ടി ദിവസം CBE യുടെ ഭാഗമായി പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാവരുടെയും BMI കണക്കാക്കേണ്ടതും സമീകൃത ആഹാരത്തെക്കുറിച്ചും വ്യായമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധ വത്കരണ സന്ദേശങ്ങൾ നൽകേണ്ടതാണ്. ഈ CBE പോഷൻ ട്രാക്കറിൽ പബ്ലിക്ക് ഹെൽത്ത് മെസേജായി രേഖപ്പെടുത്തേണ്ടതും .പ്ലാന്റേഷൻ ഡ്രൈവിന്റെ ഫോട്ടുകൾ ജൻ ആന്തോളൻ ഡാഷ് ബോർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്.
7. അംഗൻവാടി തലത്തിലും അംഗൻവാടി സർവ്വ ഏരിയയിലുള്ള 18 വയസ്സ് താഴെയുള്ള പരമാവധി കുട്ടികളോട് വീട്ടിൽ പോഷണ മൂല്യമുള്ള ഒരു ഭക്ഷണപദാർത്ഥം അവർ തയ്യാറാക്കി ആയതിന്റെ വീഡിയോ അപ്ലോഡ് ചെയ്യുമ്പോൾ ഈ ഭക്ഷണപദാർത്ഥത്തിന്റെ മാക്രോ മൈക്രോ ന്യൂട്രിയൻസ് എന്തൊക്കെയാണെന്നും അതിനോടൊപ്പം പറയുകയും അതിനോടൊപ്പം ന്യൂട്രീഷൻ പ്രതിജ്ഞ എടുത്ത് വീഡിയോ അങ്കണവാടി പ്രവർത്തകർക്ക് അയച്ചു കൊടുക്കുകയും അങ്കവാടി പ്രവർത്തകർ ആയതിന്റെ സ്ക്രീൻ ഷോട്ട് ജൻ ആന്തോളൻ ഡാഷ് ബോർഡിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.
8. പോഷൻ ബി പഠായി ബി സന്ദേശം ആസ്പദമാക്കി എല്ലാ അംഗൻവാടികളിലും സെപ്റ്റംബർ 11 മുതൽ സെപ്റ്റംബർ 30 വരെ അംഗൻവാടിയിലെ എല്ലാ പ്രീ സ്കൂൾ കുട്ടികൾ എല്ലാവരെയും കൊണ്ട് ദിവസം ന്യൂട്രീഷൻ പ്രതിജ്ഞ എടുപ്പിക്കേണ്ടതും അതിനോടൊപ്പം ഓരോ കുട്ടിക്കും ഒരു ദിവസം ഒരു വിറ്റാമിനെ കുറിച്ച് പരിചയപ്പെടുത്തേണ്ടതുമാണ്. ഇത് പരിചയപ്പെടുത്തുമ്പോൾ ആ വൈറ്റമിൻ കൂടുതലുള്ള പച്ചക്കറി ഭക്ഷ്യവസ്തുക്കൾ കൂടി ഓരോ കുട്ടിക്ക് കൊടുക്കേണ്ടതും ഈ ഭക്ഷ്യവസ്തു ഉയർത്തി I am a Vitamin (A,B,C,D,E,K) Girl/Boy എന്ന് ഉച്ചത്തിൽ പറയേണ്ടതും ഈ ഫോട്ടോ പകർത്തി ജൻ ആന്തോളൻ ഡാഷ് ബോർഡിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.
9. മേരി മാട്ടി മേരാ ദേഷ് എന്ന ആശയം ആസ്പദമാക്കി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ

ഭാഗമായും സെപ്റ്റംബർ പതിനാറാം തീയതി അംഗൻവാടി ന്യൂട്രിഷൻ ഗാർഡൻ തയ്യാറാക്കുന്നതിന്റെ ഭാഗമായും വീടുകളിൽ കിച്ചൻ ഗാർഡൻ ആരംഭിക്കുന്നതിന്റെ ഭാഗമായും ഓരോ പ്രീ സ്കൂൾ കുട്ടികൾക്ക് ചീര/പയർ എന്നിവയുടെ 2 തൈകൾ വീതം നൽകുകയും അവയിൽ ഒരു തൈ അംഗൻവാടിയിൽ നടേണ്ടതും ഒരു തൈ കുട്ടിയുടെ വീട്ടിലേക്ക് നടാൻ നൽകുകയും അവരവരുടെ തൈകൾ പരിപാലിക്കാൻ അവർക്ക് ആവശ്യമായ പ്രോത്സാഹനവും പ്രോചോദനവും നൽകേണ്ടതുമാണ്.

10. ആയുഷ് / ഹെൽത്ത് ഡിപ്പാർട്ട്മെന്റുകളുമായി ചേർന്ന് SAM/MAM കുട്ടികൾക്കും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കും ബ്ലോക്ക്/സെക്ടർ തലത്തിൽ അതത് സി ഡി പി ഓ മാർ പരിശോധന ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.
11. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഡി വാമിംഗ് ടാബ്ലറ്റ് വിതരണം ചെയ്യാൻ ഉള്ള സാധ്യത പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
12. ന്യൂട്രിഷൻ ബഡ്ജറ്റ് മെനു കോമ്പറ്റീഷൻസ് അംഗൻവാടി തലത്തിൽ നടത്തേണ്ടതാണ്. ചുരുങ്ങിയ വരുമാനത്തിൽ പ്രതിദിനം മൂന്നുനേരം പോഷണ നിലവാരമുള്ള ഭക്ഷണം എങ്ങനെ പാചകം ചെയ്യാം എന്ന് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായിട്ടാണ് ബഡ്ജറ്റ് മെനു കോമ്പറ്റീഷൻ സംഘടിപ്പിക്കേണ്ടത് . ഈ കോമ്പറ്റീഷൻ സംഘടിപ്പിക്കുമ്പോൾ ജേതാക്കൾക്ക് സ്പോൺസർ വഴി സമ്മാനം നൽകാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
13. സെപ്റ്റംബർ 29 തീയതിയിലെ International Day on awareness of Food loss and food waste ദിനത്തോടനുബന്ധിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുന്നതിന്റെ ഭാഗമായി പരമ്പരാഗത, നൂതന ഭക്ഷ്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുകയും ഇതുവഴി ഭക്ഷ്യ ഭദ്രത ഉറപ്പാകുന്നതിന് ഭക്ഷണ വസ്തുക്കൾ സുലഭമായി ലഭിക്കുന്ന കാലങ്ങളിൽ ഇവ പാഴാക്കാതെ ശേഖരിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുന്നു. ആയതിനായി പ്രോഗ്രാം ഓഫീസർമാർ, സി.ഡി.പി.ഒ മാർ അഗ്രികൾച്ചർ വകുപ്പ് അഗ്രികൾച്ചർ യൂണിവേഴ്സിറ്റി മറ്റു അനുബന്ധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനുള്ള നടപിടകൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ആസ്പദമാക്കി ഒരു CBE ഈ ദിവസം സംഘടിപ്പിക്കേണ്ടതാണ്. ഈ CBE പോഷൻ ട്രാക്കറിൽ സുപോഷൻ ദിവസായി രേഖപ്പെടുത്തേണ്ടതും ഫോട്ടോകൾ ജൻ ആന്തോളൻ ഡാഷ് ബോർഡിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.
14. പോഷൻ മായോട് അനുബന്ധിച്ച് നടത്തുന്ന എല്ലാ പരിപാടികളുടെയും വിവരങ്ങൾ ജൻ അന്തോളൻ പോർട്ടലിൽ നിർബന്ധമായും അപ് ലോഡ് ചെയ്യേണ്ടതുമാണ്. ഇത് അതത് സൂപ്പർവൈസർ, പോഷൻ അഭിയാൻ ജീവനക്കാർ എന്നിവർ പരിശോധിക്കേണ്ടതും സി.ഡി.പി.മാരും പ്രോഗ്രാം ഓഫീസർമാരും ഇത് ഉറപ്പുവരുത്തേണ്ടതാണ്.

| SL No | District | Poshan Maah 2023 |
|---|---|---|
| 1 | Thiruvananthapuram | 250000 |
| 2 | Kollam | 250000 |
| 3 | Pathanamthitta | 250000 |
| | | |

| | | |
|---|---|---|
| 4 | Alappuzha | 250000 |
| 5 | Kottayam | 250000 |
| 6 | Idukki | 250000 |
| 7 | Ernakulam | 250000 |
| 8 | Trissur | 250000 |
| 9 | Palakkad | 250000 |
| 10 | Malappuram | 250000 |
| 11 | Wayanad | 250000 |
| 12 | Kozhikkod | 250000 |
| 13 | Kannur | 250000 |
| 14 | Kasargod | 250000 |
| | | 3500000 |

മേൽപ്പറഞ്ഞ തുകയായ 3500000 /-(മുപ്പത്തിയഞ്ചു ലക്ഷം രൂപ HDFC ബാങ്കിന്റെ PMG ജംഗ്ഷൻബ്രാഞ്ചിന്റെ സ്റ്റേറ്റ് നോഡൽ അക്കൗണ്ട് നമ്പർ 50100377788440 (HDFC0001258 ) സ്കീം കോഡ് KL 248 എന്ന അക്കൗണ്ടിൽ നിന്നും പോഷൻ മാ /പോഷൻ pakshwada എന്ന component ൽ നിന്ന് വിനിയോഗിക്കേണ്ടതാണ് .

പ്രസ്തുത തുക ഐ സി ഡി എസ് ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് നൽകുന്നതിന് അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് മേൽപ്പറഞ്ഞ പ്രകാരം അലോട്ട്മെന്റ് നൽകുന്നതിനും ഉത്തരവാകുന്നു.

ചെലവായ തുകയുടെ യു സി യും റിപ്പോർട്ടും ക്രോഡീകരിച്ച് അതാത് പ്രോഗ്രാം ഓഫീസർമാർ 2023 ഒക്ടോബർ 10 ന വൈകുന്നേരം 5 മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ് .

സാമൂഹ്യാധിഷ്ഠിത പരിപാടികളുടെ (CBE) ഡേറ്റ എൻട്രി പോഷൻ ട്രാക്കറിൽ ലഭ്യമാക്കുന്നതിന് അനുസരിച്ച് മാത്രമേ തുക അനുവദിക്കുകയുള്ളൂ. CBE യുടെ പ്രത്യേക ഉത്തരവ് പ്രകാരം തുക അനുവദിക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

കോപ്പി

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, ബിൽ സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

I/114919/2023

Signed by Priyanka G
Date: 09-09-2023 12:31:11

I/115166/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ.ശ്രീമതി.പ്രിയങ്ക.ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് - പോഷൻ അഭിയാൻ- പോഷൻ മാ 2023- അധിക വിവരങ്ങൾ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:
1. DWCD/3866/2022-SA1, തീയതി: 09.09.2023
2. D.O No.PA/340/2023, തീയതി : 29.08.2023

**ഉത്തരവ് നം.DWCD/3866/2022-SA1 തീയതി: 11-09-2023**

പരാമർശം (1) പ്രകാരം പോഷൻ മാ 2023 പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ICDS ജില്ലാതല പ്രോഗ്രാം ഓഫീസർക്ക് 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ) വീതം നൽകിയിരുന്നു. ഇതിൽ ജില്ലാതല പരിപാടികൾക്കായി പരമാവതി 50,000/- (അൻപതിനായിരം) രൂപ ചെലവക്കാവുന്നതാണ്. അവശേഷിക്കുന്ന തുക ബ്ലോക്ക്/ICDS/പഞ്ചായത്ത്/സെക്ടർ/അങ്കണവാടി തലത്തിലെ പരിപാടികൾക്ക് വിനിയോഗിക്കാവുന്നതാണ്. ജില്ലാതലത്തിൽ ജില്ലാ ന്യട്രിഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് അനുശ്രിതമായി ടി തുക ചെലവഴിക്കേണ്ടതാണ്.

നിലവിൽ പോഷൻ ട്രാക്കറിൽ **28948** SAM കുട്ടികളുടെ എണ്ണവും 65245 MAM കുട്ടികളുടെ എണ്ണം കാണപ്പെടുന്നു. ആയതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ സെപ്റ്റംബർ 12 മുതൽ 23 വരെയുള്ള ദിവസങ്ങളിൽ സൂപ്പർവൈസർമാർ പോഷൻ ട്രാക്കറിൽ നിന്നും അതതു അങ്കണവാടി പ്രദേശത്തെ SAM/MAM കുട്ടികളുടെ വിവരങ്ങൾ എടുത്തു ടി കുട്ടികളെ നേരിൽ കണ്ട് കൃത്യമായ വളർച്ചാ നിരീക്ഷണം നടത്തേണ്ടതും, കൃത്യത പരിശോധിച്ച് ശരിയായ അളവ് അതതു അങ്കണവാടി വർക്കർ മുഖേന അപ്പോൾ തന്നെ പോഷൻ ട്രാക്കറിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. SAM/MAM ആയി കണ്ടെത്തിയ കുട്ടികളുടെ ലിസ്റ്റ് അങ്കണവാടി തലത്തിൽ ക്രോഡീകരിച്ച 23 ആം തീയതി പരാമർശം (1) ലെ അക്റ്റിവിറ്റി 6 പ്രകാരം നടത്തുന്ന CBE യിൽ ടി കുട്ടികളെയും കുട്ടികളുടെ രക്ഷിതാക്കളെയും ALMSC അംഗങ്ങളെയും പങ്കെടുപ്പിക്കേണ്ടതും, SAM/MAM കുട്ടികളുടെ എണ്ണം മൈക്രോപ്ലാൻ എന്നിവ ALMSC യുടെ മുൻപിൽ അവതരിപ്പിക്കേണ്ടതുമാണ്. CBE യിൽ SAM/MAM എന്താണെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം മാർഗങ്ങൾ സ്വീകരിക്കാം എന്നും രക്ഷിതാക്കളുടെ മുന്നിൽ അവബോധം സൃഷ്ടിക്കുകയും, SAM/MAM കുട്ടികൾക്ക് വേണ്ടി മൈക്രോപ്ലാൻ തയ്യാറാക്കേണ്ടതുമാണ്. ടി കുട്ടികൾളെ 2023 സെപ്റ്റംബർ 30 ന് അകം അതതു ബ്ലോക്കുകളിലും(152)/കോർപറേഷൻ(6) സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ്കളിൽ പങ്കെടുപ്പിക്കേണ്ടതാണ് . ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനു ആവശ്യമായ തുക പരാമർശം (1) പ്രകാരം ജില്ലകൾക്ക് അനുവതിച്ച തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം നടത്തുന്ന മെഡിക്കൽ ക്യാമ്പ് 2023 സെപ്റ്റംബർ 30 ന് മുന്പ് നടത്തേണ്ടതാണ്. ക്യാമ്പ് നടത്തുന്നതിന് ന്യൂട്രിഷനിസ്റ്റിന്റെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. ടി കുട്ടികൾക്ക് ഡോക്ടറുടെ Prescription അടിസ്ഥാനത്തിൽ SNP മുഖേന ആവശ്യാനുസരണം Therapeutic food നൽകേണ്ടതും കൃത്യമായ ഫോള്ളോഅപ് നടത്തേണ്ടതും ആണ്.

**"SAM/MAM കുട്ടികൾ ഇല്ലാത്ത അങ്കണവാടികൾ** SAM/MAM **രഹിത അങ്കണവാടികളായി പ്രഖ്യാപിക്കേണ്ടതാണ്."**

പരാമർശം (1) ലെ അക്റ്റിവിറ്റി 6 പ്രകാരം നടത്തേണ്ട എല്ലാ പ്രവർത്തനങ്ങളും ഇതോടൊപ്പം നടത്തേണ്ടതാണ്.

SAM/MAM ആയി കണ്ടെത്തിയ കുട്ടികളുടെ ലിസ്റ്റ് പോഷൻ അഭിയാൻ ബ്ലോക്ക് കോർഡിനേറ്റർ ക്രോഡികരിച്ച CDPO ക്ക് നൽകേണ്ടതും ICDS കളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പോഷൻ അഭിയാൻ ജില്ലാ കോർഡിനേറ്റർ ക്രോഡികരിച്ച് പ്രോഗ്രാം ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി 2023 ഒക്ടോബർ 5 ആം തീയതിക്ക് മുന്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും പോഷൻ ട്രാക്കറിൽ പ്രതിഭലിക്കേണ്ടതുമാണ്.

ഒക്ടോബർ മാസത്തിലെ റിവ്യൂമീറ്റിംഗിൽ അതതു ജില്ലയിലെ SAM/MAM കുട്ടികളുടെ എണ്ണം

I/115166/2023

പോഷൻ ട്രാക്കർ-MPR എന്നിവയിലെ data താരതമ്യപ്പെടുത്തി വിശകലനം ചെയ്യേണ്ടതാണ്.

**Signed by Bindu Gopinath**
**Date: 11-09-2023 18:24:59**
for **വനിത ശിശു വികസന ഡയറക്ടർ**

കോപ്പി

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസിർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർ, ജില്ല തല ICDS സെൽ
എല്ലാ ശിശു വികസന പദ്ധതി ഓഫീസിർമാർക്കും
എല്ലാ ICDS സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. സ്റ്റോക്ക് ഫയൽ/സ്പെയർ